**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് :- ചെറുകിട നാമമാത്രകർഷകരായ ഗുണഭോക്താക്കൾക്ക് കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുവാൻ ബുദ്ധിമുട്ടുകൾ നേരിടുന്നതിന് പരിഹാരമായി അടിസ്ഥാന ഭൂനികുതി രസീത് ഹാജരാക്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ)നം.296/13/തസ്വഭവ　　　　തിരുവനന്തപുരം, തീയതി, 02.02.2013

---

പരാമർശം:- 1. 19/6/12 ലെ സ ഉ(സാധാ) നം.1663/12/തസ്വഭവ
2. 4/10/12 ലെ സം.തൊ.ഉ.കൗൺസിലിന്റെ 12–ാം യോഗത്തിന്റെ 7–ാം തീരുമാനം
3. മ.ഗാ.ദേ.ഗ്രാ.തൊ.ഉ.പ.മിഷൻ ഡയറക്ടറുടെ 13/12/12ലെ 3493/EGS2/10/CRD നമ്പർ കത്ത്

**ഉത്തരവ്**

**തൃശ്ശൂർ ജില്ലയിൽ ചെറുകിട നാമമാത്ര കർഷകരായ ഗുണഭോക്താക്കൾക്ക് കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുവാൻ ബുദ്ധിമുട്ടുകൾ നേരിടുന്നതിന് പരിഹാരമായി അടിസ്ഥാന ഭൂനികുതി രസീത് ഹാജരാക്കിയാൽ മതിയാകുമെന്ന് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ വ്യവസ്ഥ മറ്റ് ജില്ലകളിലെ ചെറുകിട നാമമാത്ര കർഷകർക്കും ബാധകമാക്കുന്നതിന് ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (2) ലെ തീരുമാനപ്രകാരം പരാമർശം (3) മുഖേന മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.**

**സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തി ഏറ്റെടുക്കുന്നതിന് കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുവാൻ ബുദ്ധിമുട്ട് നേരിടുന്ന ചെറുകിട നാമമാത്ര കർഷകർക്ക്**

അതിനുപരിഹാരമായി അടിസ്ഥാന ഭൂനികുതി രസീത് ഹാജരാക്കിയാൽ മതിയാകുമെന്ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ജി. ശിവപ്രസാദ്,**
അഡീഷണൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം
3. എല്ലാ ജില്ലാ കളക്ടർ/ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്കും
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (A&E), തിരുവനന്തപുരം
6. ഇൻഫർമേഷൻ കേരളാ മിഷൻ
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ